"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരൂർ നഗരസഭയുടെ വിശദ നഗരാസൂത്രണ പദ്ധതികളായ Detailed Town Planning Scheme for Central Area Scheme No. 1 in Tirur Municipality, Detailed Town Planning Scheme for Central Area Scheme No. 2 in Tirur Municipality എന്നിവയിലെ വ്യതിയാനങ്ങൾക്ക് - അന്തിമ അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്**

സ.ഉ.(കൈ) നം.189/2023/LSGD തീയതി,തിരുവനന്തപുരം, 31-10-2023

---

പരാമർശം:-

1. WP(c) No.21634/2020 ലുള്ള ബഹു. കേരള ഹൈക്കോടതിയുടെ 22.06.2021 ലെ വിധിന്യായം.
2. 21.05.2022 തീയതിയിലെ സ.ഉ.(കൈ.) നം.109/2022/എൽ.എസ്.ജി.ഡി. ഉത്തരവ്
3. തിരൂർ നഗരസഭയുടെ 12.04.2023 തീയതിയിലെ 3-ാം നമ്പർ തീരുമാനം.
4. തിരൂർ നഗരസഭ സെക്രട്ടറിയുടെ 20.04.2023 ലെ പി.ഡബ്ല്യു3-14116/20 നമ്പർ കത്ത്.
5. മുഖ്യനഗരാസൂത്രകന് (പ്ലാനിംഗ്) ന്റെ 01.07.2023 തീയതിയിലെ എൽ.എസ്.ജി.ഡി./പി.ഡി./34123/2023-ടിസിപിബി4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) വിധിന്യായത്തിന്റെയും തുടർന്ന് പുറപ്പെടുവിച്ച പരാമർശം (2) ഉത്തരവിന്റെയും പശ്ചാത്തലത്തിലും, തിരൂർ നഗരസഭയിലെ DTP Scheme for Tirur Central Area Scheme No. 1, DTP Scheme for Tirur Central Area Scheme No. 2 എന്നീ രണ്ടു വിശദനഗരാസൂത്രണ പദ്ധതികളും കാലഹരണപ്പെട്ടതിനാലും, അടിയന്തരമായി മേഖലാ നിയന്ത്രണങ്ങളിൽ വ്യതിയാനം വരുത്തുന്നതിലേയ്ക്കായി പ്രസ്തുത വിവരം പൊതുജനങ്ങളുടെ അറിവിലേയ്ക്കായി വർത്തമാന പത്രങ്ങളിലും ഗസറ്റിലും നഗരസഭ നോട്ടീസ് ബോർഡിലും ഫാറം-1 ൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. തുടർന്ന് ആനുകാലിക വികസനത്തിനനുസരിച്ച് രണ്ടു വിശദനഗരാസൂത്രണ പദ്ധതികളിലെയും കരട് മേഖല നിയന്ത്രണങ്ങൾ കാലികമായി പുതുക്കി



Generated from eOffice by Raji.K.S., ATP1 (PLG) PD LSGD, ATP1 (PLG) PD LSGD, PD LSGD on 30/01/2024 11:07 AM

നഗരസഭ കൗൺസിൽ മുമ്പാകെ സമർപ്പിച്ച് ആയത് ചർച്ച ചെയ്ത് അന്തിമമാക്കുകയും പുതുക്കിയ കരട് മേഖലാനിയന്ത്രണങ്ങൾ നഗരസഭ കൗൺസിൽ അംഗീകരിക്കുകയും ആയത് ഫാറം-VII ൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. തുടർന്ന് ലഭ്യമായ ആക്ഷേപനിർദ്ദേശങ്ങൾ പരിഗണിച്ച് പരാതിക്കാരെ നേരിൽ കേട്ട് പരാതികൾ പരിഹരിച്ച് കൊണ്ടു വ്യതിയാനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ഫാറം-VIII ൽ തയ്യാറാക്കി സമർപ്പിച്ചത് നഗരസഭ കൗൺസിൽ അംഗീകരിക്കുകയും ഇപ്രകാരം മാറ്റങ്ങൾ വരുത്തിയ മേഖല നിയന്ത്രണം പരാമർശം (3) പ്രകാരം നഗരസഭ കൗൺസിൽ അംഗീകരിക്കുകയും അനുമതിയ്ക്കായി സർക്കാരിലേയ്ക്ക് അയയ്ക്കുന്നതിനു തീരുമാനിക്കുകയും അയതിൻപ്രകാരം, DTP Scheme for Tirur Central Area Scheme No. 1, DTP Scheme for Tirur Central Area Scheme No. 2 എന്നിവയുടെ വ്യതിയാനം വരുത്തിയ മേഖലാ നിയന്ത്രണങ്ങൾ സർക്കാരിൽ നിന്നും അന്തിമ അംഗീകാരം ലഭ്യമാകുന്നതിലേക്കായി പരാമർശം (4) പ്രകാരം നഗരസഭ സെക്രട്ടറി ലഭ്യമാക്കിയിരിക്കുന്നു.

(2) തിരൂർ നഗരസഭയുടെ വിശദ നഗരാസൂത്രണ പദ്ധതികളായ Central Area Scheme Number 1, Central Area Scheme Number 2 എന്ന വിശദനഗരാസൂത്രണ പദ്ധതികളുടെ സമർപ്പിത കരട് ഭേദഗതികളിൽ ചില തിരുത്തലുകൾ കൂടി ഉൾപ്പെടുത്തേണ്ടതാണ് എന്ന വ്യവസ്ഥയിൽ, മലപ്പുറം ജില്ല, തിരൂർ നഗരസഭയുടെ വിശദ നഗരാസൂത്രണ പദ്ധതികളായ Detailed Town Planning Scheme for Central Area Scheme No. 1 in Tirur Municipality, Detailed Town Planning Scheme for Central Area Scheme No. 2 in Tirur Municipality എന്നിവയിലെ വ്യതിയാനങ്ങൾക്ക്, കേരള നഗര-ഗ്രാമാസൂത്രണ നിയമം 2016, വകുപ്പ് 46(5) പ്രകാരം അനുമതി നൽകാവുന്നതാണ് എന്ന് മുഖ്യനഗരാസൂത്രകൻ പരാമർശം (5) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരൂർ നഗരസഭയുടെ വിശദ നഗരാസൂത്രണ പദ്ധതികളായ Detailed Town Planning Scheme for Central Area Scheme No. 1 in Tirur Municipality, Detailed Town Planning Scheme for Central Area Scheme No. 2 in Tirur Municipality എന്നിവയിലെ വ്യതിയാനങ്ങൾക്ക്, കേരള നഗര-ഗ്രാമാസൂത്രണ നിയമം 2016, വകുപ്പ് 46(5) പ്രകാരവും താഴെപറയുന്ന (i) മുതൽ (iii) വരെയുള്ള തിരുത്തലുകൾക്ക് വിധേയമായും അന്തിമ അനുമതി നൽകി ഉത്തരവാകുന്നു.

i. സമർപ്പിത ഭേദഗതികളുടെ തലക്കെട്ട്, "Variation of Detailed Town Planning Scheme for



Generated from eOffice by Raji.K.S., ATP1 (PLG) PD LSGD, ATP1 (PLG) PD LSGD, PD LSGD on 30/01/2024 11:07 AM

Central Area Scheme No. 1 in Tirur Municipality" എന്നും "Variation of Detailed Town Planning Scheme for Central Area Scheme No. 2 in Tirur Municipality" എന്നും യഥാക്രമം തിരുത്തൽ വരുത്താവുന്നതാണ്.

ii. സമർപ്പിത രണ്ടു വിശദ നഗരാസൂത്രണ പദ്ധതികളുടെ ഭേദഗതികളിലും, "NOW, THEREFORE" എന്ന് തുടങ്ങുന്ന അഞ്ചാം ഖണ്ഡികയിൽ, (Variation 1, Variation 2) "........ the municipal council of Tirur hereby propose to vary the said Detailed Town Planning scheme to the extent required, a draft of which is appended" എന്നതിനു പകരമായി, "the municipal council of Tirur hereby vary the said Detailed Town Planning Scheme to the extent required as appended herewith" എന്ന് തിരുത്തൽ വരുത്താവുന്നതാണ്.

iii. സമർപ്പിത രണ്ടു വിശദ നഗരാസൂത്രണ പദ്ധതികളുടെ ഭേദഗതികളിലും, പ്രസ്തുത അഞ്ചാം ഖണ്ഡികയ്ക്ക് (Variation 1, Variation 2) ശേഷമുള്ള തലക്കെട്ട്, "DRAFT" എന്നതിനു പകരമായി, "ORDER" എന്ന് ഭേദഗതി വരുത്താവുന്നതാണ്.

(4) കേരള നഗര-ഗ്രാമാസൂത്രണ നിയമം 2016, വകുപ്പ് 46(6), കേരള നഗര-ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ, 2021 ചട്ടം 11 എന്നിവ പ്രകാരം ആവശ്യമായ തുടർ നടപടികൾ തിരൂർ നഗരസഭ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ (എൽ.എസ്.ജി.ഡി.) തിരുവനന്തപുരം
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം (മുഖ്യനഗരാസൂത്രകൻ മുഖേന)
3. ജില്ലാ നഗരാസൂത്രകൻ, മലപ്പുറം
4. സെക്രട്ടറി, തിരൂർ നഗരസഭ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Bijukumar T
സെക്ഷൻ ഓഫീസർ
Date: 01-11-2023 15:27:08



Generated from eOffice by Raji.K.S., ATP1 (PLG) PD LSGD, ATP1 (PLG) PD LSGD, PD LSGD on 30/01/2024 11:07 AM